**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംങ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംങ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിന് ട്രഷറി ഇ-ചലാൻ പേയ്മെന്റ് അല്ലാതെ രജിസ്ട്രേഷൻ സൈറ്റിൽ തന്നെ നെറ്റ്-ബാങ്കിംഗ് /ഡെബിറ്റ് കാർഡ്/ ക്രെഡിറ്റ് കാർഡ് മുതലായ ബാങ്കിംഗ് സൗകര്യങ്ങൾ വഴി ഫീസ് അടയ്ക്കുവാൻ നിലവിൽ സാധിക്കുമോ; ഇല്ലെങ്കിൽ അടുത്ത പരീക്ഷാ വിജ്ഞാപനം മുതൽ ഈ സൗകര്യം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കെ. ജി. റ്റി.ഇ പരീക്ഷയുടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിന് ട്രഷറി മുഖേന നേരിട്ടോ, ഇ-ചലാൻ പേയ്മെന്റ് മുഖേനയോ മാത്രമേ നിലവിൽ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ സൈറ്റിൽ തന്നെ നെറ്റ്-ബാങ്കിംഗ്/ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് മുതലായ മറ്റ് ബാങ്കിംഗ് സൗകര്യങ്ങളുപയോഗിച്ച് ഫീസ് അടയ്ക്കുവാൻ സാധിക്കുകയില്ല. മറ്റ് ബാങ്കിംഗ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനും ആയത് സെക്യൂരിറ്റി ആഡിറ്റ് ചെയ്യുന്നതിനും അധിക സമയം ആവശ്യമുള്ളതിനാൽ അടുത്തതായി പ്രസിദ്ധീകരിക്കുന്ന പരീക്ഷാ വിജ്ഞാപനത്തിൽ പ്രസ്തുത സൗകര്യം ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. |
| (ബി) | ടൈപ്പ് & വേഡ് പ്രോസസ്സിംഗ് പരീക്ഷാ രജിസ്ട്രേഷൻ, ഫീസ് പേയ്മെന്റ്, പേയ്മെന്റ് കൺഫർമേഷൻ എന്നിങ്ങനെ സോഫ്റ്റ് വയറിൽ പരീക്ഷാ രജിസ്ട്രേഷന് മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടി വരുന്നതിനാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിന് ഇ-പേയ്മെന്റ് ഉൾപ്പെടെ സാങ്കേതിക മികവുള്ള സോഫ്റ്റ്വയർ അടുത്ത പരീക്ഷാ രജിസ്ട്രേഷൻ മുതൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പരീക്ഷാ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം നിലവിലുണ്ട്. ഇതിനു പുറമെ സാങ്കേതിക മികവുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനും ആയത് സെക്യൂരിറ്റി ആഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ അടുത്ത പരീക്ഷാ രജിസ്ട്രേഷനിൽ ഈ സംവിധാനം ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. |
| (സി) | പ്രസ്തുത പരീക്ഷാ രജിസ്ട്രേഷന് എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്ന നിബന്ധന ഒഴിവാക്കി സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അനുവാദം നൽകുമോ? | (സി) | ലോവർ, ഹയർ ടൈപ്പ്റൈറ്റിംഗ് പരീക്ഷാ രജിസ്ട്രേഷന് അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നത് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റാണ്. അപേക്ഷകർ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തി നൽകുമ്പോൾ ക്രമക്കേടുകൾ സംഭവിക്കാനിടയുണ്ട്. ഈ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന നിലവിലുള്ള രീതി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ